**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ധനസഹായ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾക്കു നിലവിൽ എത്ര തുക കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | പോസ്റ്റ്മെട്രിക്ക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടും ആധാറും തമ്മിൽ ബന്ധിപ്പിക്കാത്തതിനാലും മറ്റ് ടെക്നിക്കൽ പ്രശ്നങ്ങൾ കാരണവും വിദ്യാർത്ഥികൾക്ക് മുൻ വർഷങ്ങളിൽ ലഭിക്കാതിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉൾപ്പെടെ ആകെ 22420 ക്ലെയിമുകൾക്ക് 68,52,10,579/- രൂപ 2025-26 വർഷം നാളിതുവരെ അനുവദിച്ച നൽകിയിട്ടുണ്ട്. തുടർന്ന് ലഭ്യമായിട്ടുള്ള പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും ക്ലെയിമുകൾ പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ ചികിത്സാസഹായ പദ്ധതികളിലും ക്ഷേമ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ചു ലഭ്യമാക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും അപേക്ഷകൾ സ്വീകരിച്ച് വിതരണം ചെയ്തു വരുന്നതിനാൽ ആയതിന്റെ കണക്കുകൾ കൂടി ലഭ്യമാക്കി വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ